ഉത്തരം

(എ-സി) ട്രഷറികളിലെ പണമിടപാട് വ്യാപ്തിയുടെ (volume of transaction) അടിസ്ഥാനത്തിൽ ട്രഷറികളെ ഗ്രൂപ്പുകളായി തിരിച്ച് ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി(ഇംപ്രസ്റ്റ് പരിധി) വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ഇടപാടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

ട്രഷറി പണമിടപാടുകളിൽ ക്രമാനുഗതവും ഓൺലൈനായി ഇലക്ട്രോണിക് പേയ്മെന്റ് വഴി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിന്റെ വെളിച്ചത്തിൽ, ആയതുകൂടി പരിഗണിച്ചാകും നിലവിലുള്ള ഇംപ്രസ്റ്റ് പരിധി വർദ്ധിപ്പിക്കുന്നതിനുള്ള അന്തിമ തീരുമാനം കൈക്കൊള്ളുക.

കാരുണ്യ ബെനവലന്റ് ഫണ്ട്

242(582) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കു കീഴിൽ ഓരോ ജില്ലയിലും എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം രോഗം ബാധിച്ചവർക്കാണ് തുക അനുവദിച്ചതെന്നും ഓരോ വിഭാഗത്തിനും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷിച്ച് കാത്തിരിക്കുന്നവർ ഓരോ ജില്ലയിലും എത്ര പേർ വീതമുണ്ടെന്നും ഇവർ ഏതെല്ലാം രോഗബാധിതരാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വിശദ വിവരം ആനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിശദ വിവരം അനുബന്ധം 2- ആയി ചേർത്തിട്ടുണ്ട്.*

(ഡി) ക്യാൻസർ, ഹൃദ് രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ, ഹീമോഫീലിയ എന്നിവയുടെ ചികിത്സയ്ക്കായാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. വിശദ വിവരം അനുബന്ധം 3-ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly